# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3134

22-6-2012-ൽ മറുപടിക്ക്

### കുറ്റ്യാടി പഞ്ചായത്തിലെ നീർച്ചാലുകൾ നികത്തിയതു കാരണമുണ്ടായ ഗതാഗത-മാലിന്യ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ. ലതിക : | ഡോ.എം.കെ.മുനീർ ( പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) നീർച്ചാലുകൾ നികത്തിയതു സംബന്ധിച്ച് കുറ്റ്യാടി പഞ്ചായത്ത് ഏതെങ്കിലും വ്യക്തികളുടെ പേരിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നുവോയെന്ന് വ്യക്തമാക്കുമോ; | (എ) നീർച്ചാൽ നികത്തിയതിന് ശ്രീ. വി.കെ. കുഞ്ഞമ്മതിനെതിരെ കുറ്റ്യാടി ഗ്രാമ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത വ്യക്തികൾ ആരാണെന്നും അവർക്കെതിരെ ഏത് നിയമവ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് നടപടികൾ സ്വീകരിച്ചതെന്നും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ ; | (ബി) ശ്രീ. വി.കെ. കുഞ്ഞമ്മത്, കുറ്റ്യാടി എന്നയാൾക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 218-ാം വകുപ്പ് പ്രകാരം നടപടി സ്വീകരിക്കുകയും നീർച്ചാൽ നികത്താനുപയോഗിച്ച മണ്ണ് പഞ്ചായത്ത് നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) നികത്തിയത് സ്വാഭാവിക നീർച്ചാലാണെന്ന് സ്ഥാപിക്കുന്നതിനായി പഞ്ചായത്തിന് എന്തെങ്കിലും രേഖ ഉണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ പ്രസ്തുത രേഖകളുടെയെല്ലാം പകർപ്പ് ലഭ്യമാക്കുമോ; | (സി) സ്വാഭാവിക നീർച്ചാലാണെങ്കിലും ഇത് തെളിയിക്കുന്നതിനുള്ള രേഖകളൊന്നും പഞ്ചായത്തിന് പരിശോധനയിൽ ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ ഫലമായി നീർച്ചാലുകൾ പുന:സ്ഥാപിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ; | (ഡി) | നീർച്ചാൽ നികത്താനുപയോഗിച്ച മണ്ണ് പഞ്ചായത്ത് നീക്കിയതിനെതിരെ ശ്രീ. വി.കെ. കുഞ്ഞമ്മത് ഒ.എസ് 142/09 ആയി കേസ് കൊടുത്തതിനാൽ നീർച്ചാലുകൾ മുഴുവനായും പൂർവ്വസ്ഥിതിയിലാക്കാൻ കഴിഞ്ഞില്ല. |
| (ഇ) | നീർച്ചാൽ നികത്തിയതു കാരണമുണ്ടായ ഗതാഗത തടസം, മാലിന്യ പ്രശ്നങ്ങൾ ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ? | (ഇ) | ഗതാഗത തടസം, മാലിന്യ പ്രശ്നങ്ങൾ ഇവ പരിഹരിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ